പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3121.

15.02.2013 ൽ മറുപടിക്ക്

## അരിവില വർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി

**ചോദ്യം**

പ്രൊഫ. സി. രവീന്ദ്രനാഥ് :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) റേഷൻ കടകൾ വഴി എ.പി.എൽ., ബി.പി.എൽ. വിഭാഗക്കാർക്ക് എത്ര അളവിൽ ഭക്ഷ്യധാന്യമാണ് നിലവിൽ വിതരണം ചെയ്യുന്നത് ; എന്ത് വിലയ്ക്കാണ് നല്കുന്നത് ;

(എ) 2013 ഫെബ്രുവരി മാസത്തെ വിതരണം സംബന്ധിച്ച വിവരങ്ങൾ.

ബി.പി.എൽ കാർഡുടമകൾക്ക് കിലോ ഗ്രാമിന് 1/- രൂപ നിരക്കിൽ 25 കിലോ ഗ്രാം അരിയ്ക്കും 2/- രൂപ നിരക്കിൽ 10 കിലോഗ്രാം ഗോതമ്പിനും അർഹത ഉണ്ടായിരിക്കും. മേൽപ്പറഞ്ഞതിനു പുറമേ കിലോഗ്രാമിന് 6.20 രൂപ നിര ക്കിൽ 5 കിലോഗ്രാം അരിയും 4.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും ബി. പി.എൽ കാർഡുടമകൾക്ക് ലഭിക്കും. എ.പി.എൽ കാർഡുടമകൾക്ക് കിലോ ക്ക് 8.90 രൂപ നിരക്കിൽ പരമാവധി 10 കിലോഗ്രാം അരിയും 6.70 രൂപ നിര ക്കിൽ 3 കിലോഗ്രാം ഗോതമ്പുംലഭിക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പരമാവധി 9 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് 2/- രൂപ നിര ക്കിൽ ലഭിക്കും. കൂടാതെ ഇതിന്പുറമേ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വരും എന്നാൽ ബി.പി.എൽ. കാർഡ് ലഭിക്കാത്തവരുമായ എ.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 19 കിലോഗ്രാം അരിയും 4.70 രൂപ നിരക്കിൽ 6 കിലോഗ്രാം ഗോ തമ്പും അധികമായി ലഭിക്കും. എ.എ. വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1/- രൂപ നിരക്കിൽ 35 കിലോഗ്രാം അരിലഭിക്കും.

അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതി മാസം 10 കിലോഗ്രാം അരി സൗജന്യ മായി ലഭിക്കും.

(ബി) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ അളവെത്ര; നിരക്കെത്ര ;

(ബി) മാവേലി സ്റ്റോറുകൾവഴി സബ്സിഡി നിരക്കിൽ കാർഡൊന്നിന് 20 കിലോഗ്രാം വീതം വിതരണം ചെയ്യുന്ന വിവിധ ഇനം അരിയും, അവയുടെ വിലയും ചുവടെ ചേർക്കുന്നു.

| ഇനം | വില |
|---|---|
| സോർട്ടക്സ് പച്ചരി | 16.00 |
| സോർട്ടക്സ് മട്ടഅരി | 16.00 |
| ജയ അരി | 21 |
| കുറുവ അരി | 19.00 |

ഇതു കൂടാതെ ഒരു കാർഡിന് പ്രതിമാസം ഒ.എം.എസ്.എസ്. വഴി പുഴുക്കലരി 19.50 രൂപ നിരക്കിലും പച്ചരി 21.00 രൂപ നിരക്കിലും 25 കിലോഗ്രാം വരെ വിതരണം ചെയ്യുന്നു.

(സി) വിലവർദ്ധന നിയന്ത്രിക്കുന്നതിന് കേന്ദ്രത്തിൽ നിന്നും കൂടുതൽ അരി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അനുവദിച്ചതെത്ര; ഇതിനകം വിതരണം ചെയ്തതെത്ര; കിലോഗ്രാമിന് എത്ര രൂപ നിരക്കിലാണ് അരി അനുവദിച്ചത്; ഇവിടെ വിറ്റഴിച്ചത് എന്ത് വിലയ്ക്കാണ്;

(സി) കേന്ദ്രത്തിൽ നിന്നും 2012 ഓണ ക്കാലത്ത് ഒ.എം.എസ്.എസ്. നിരക്കിൽ 60000 മെ.ടൺ അരിയും 30000 മെ.ടൺ ഗോതമ്പും അനുവദിച്ചിരുന്നു. ഇതിൽ നിന്ന് 5843 മെ.ടൺ അരിയും 152 മെ.ടൺ ഗോതമ്പുമാണ് വിട്ടെടുത്തിട്ടു ള്ളത്. 31.03.2013 വരെയാണ് വിട്ടെടുക്ക ലിന് സമയം അനുവദിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ അനുവദിച്ച വില ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗോതമ്പ് | Rs.1778/- Per Qntl |
| പച്ചരി ഗ്രേഡ് എ | Rs.1911/- Per Qntl |
| പച്ചരി കോമൺ | Rs.1866/- Per Qntl |
| പുഴുക്കലരി ഗ്രേഡ് എ | Rs.1883/- Per Qntl |
| പുഴുക്കലരി കോമൺ | Rs.1893/- Per Qntl |

അരിയുടെ ചില്ലറ വില്പന കിലോ ഗ്രാമിന് 20.50 രൂപയും ഗോതമ്പിന്റേത് 19.00 രൂപയുമാണ്.

(ഡി) ഒരു രൂപ നിരക്കിൽ റേഷൻ കടകൾ വഴി വിതരണം ചെയ്തു വരുന്ന അരിക്ക് നടപ്പ് സാമ്പത്തിക വർഷം എന്ത് തുകയാണ് സബ്സിഡിയായി നൽകിയത്; 2011-12 ൽ സബ്സിഡിയായി നൽകിയ തുക എത്ര ?

ഒരു രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷം നാളിതുവരെ 244,89,58,679/- രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 2011-12 വർഷത്തിൽ ഒരു രൂപ പദ്ധതിയുടെ നടത്തിപ്പിനായി 164,04,65,200/- രൂപ ചെലവഴിച്ചിട്ടുണ്ട്.. 2011-12 വർഷത്തിൽ സബ്സിഡിയിനത്തിൽ മൊത്തം (ഒരു രൂപ നിരക്കിലും രണ്ടു രൂപ നിരക്കിലുമുള്ള ഭക്ഷ്യധാന്യ വിതരണത്തിനായി) 635.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ